## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3972 — 15.03.2017-ൽ മറുപടിക്ക്

### പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപകർക്ക് പണം പിൻവലിക്കാൻ അനുമതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അബ്ദുൾ ഹമീദ്.പി** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) 2017 മാർച്ച് 31 ന് ശേഷം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപകർക്കും വായ്പക്കാർക്കും മൂന്ന ലക്ഷം രൂപയിലധികം പിൻവലിക്കാൻ അനുമതിയില്ലാത്ത സ്ഥിതിയിലും ഇതര ബാങ്കുകളിലെ അക്കൗണ്ടുകളിലേക്ക് പരിധിയില്ലാതെ ട്രാൻസ്ഫർ ചെയ്യാൻ അവസരം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ അവസ്ഥമൂലം, കൂടുതൽ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്ത് വാണിജ്യ ബാങ്കുകൾ പ്രാഥമിക വായ്പാ സംഘങ്ങളിലെ വായ്പക്കാരുടേയും മറ്റും നിക്ഷേപങ്ങൾ മാറ്റിക്കൊണ്ടു പോകാനും അതുവഴി പ്രാഥമിക സംഘങ്ങളുടെ പ്രവർത്തനത്തിൽ ഇടിവുണ്ടാകാനും സാദ്ധ്യതയുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചു വരുന്നു. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് ഉയർന്ന നിരക്കിലുള്ള പലിശ അനുവദിച്ചും, പ്രാഥമിക കാർഷിക വായപാ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാരിന്റെ കേരള നിക്ഷേപ ഗ്യാരണ്ടി പദ്ധതിയുടെ പരിരക്ഷയെ സംബന്ധിച്ച് പ്രചരണം |

ഇതു പരിഹരിക്കാൻ എന്തു നടപടിയാണ് ഉദ്ദേശിക്കുന്നത്;

നൽകിയും, പ്രാഥമിക സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ കൂടുതൽ മിറർ അക്കൗണ്ടുകൾ തുടങ്ങിയും ഉപഭോക്താക്കളെ ബോധവൽക്കരിച്ചും പ്രതിസന്ധികൾ പരിഹരിക്കാവുന്നതാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സി) നോട്ട് പിൻവലിക്കൽ മൂലമുള്ള പ്രശ്ന പരിഹാരമായി ജില്ലാ സഹകരണ ബാങ്കുകളിൽ മിറർ അക്കൗണ്ടുകൾ ആരംഭിക്കാൻ നൽകിയ ഉത്തരവിന്റെ പുരോഗതി വീക്ഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

സി) ഉണ്ട്. ജില്ലാ സഹകരണ ബാങ്കുകളിൽ മിറർ അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നൽകിയ ഉത്തരവിന്മേൽ നടപടി നടന്നു വരുന്നു.

ഡി) എത്ര സംഘങ്ങളും നിക്ഷേപകരും മിറർ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ